സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി

301 (2539) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റ് വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന, തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി പരിശീലനം നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതാത് സ്കൂളുകളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബ്ബുകൾ വഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവത്ക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കുടുംബശ്രീ, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഹെൽത്ത് ക്ലബ്ബുകൾ അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതാണ്. പ്രസ്തുത ഹെൽത്ത് ക്ലബ്ബുകളിൽ സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ചെയർമാനും, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും, തിരുമല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ. പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ, ഒരു അദ്ധ്യാപകൻ എന്നിവർ അംഗങ്ങളും ആയിരിക്കുന്നതാണ്.

(ഇ) 2013-14 അദ്ധ്യയന വർഷാരംഭം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി

302 (2540) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly